പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2389   12.6.2018 ലെ മറുപടിക്ക്

## ചെറുകിട കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ചെറുകിട കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | എ) കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ അഭാവമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വരുന്ന മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയ 1000 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർമേഖലയിലെ രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും രണ്ടാം പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുന:സംഘടന നടപ്പിലാക്കുന്നത്. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അംഗങ്ങൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനുമായി പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുമായി കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം നടപ്പിലാക്കി വരുന്നു. കയർ സഹകരണ സംഘങ്ങളുടെ ആധുനീകരണത്തിനും ശക്തിപ്പെടുത്തലിനും വേണ്ടിയുള്ള എൻ.സി.ഡി.സി പദ്ധതിയുടെ 200 കോടി രൂപയുടെ ആദ്യഘട്ടത്തിന് തുടക്കമായി. |
| ബി) സംഘങ്ങൾ കയർ ഫെഡിന് | ബി) സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ |

| | |
|---|---|
| നൽകുന്ന കയറിന്റെ വില കൃത്യസമയത്ത് വിതരണം ചെയ്യുന്നുണ്ടോ; വിശദീകരിക്കാമോ; | വില സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) കയർ തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | സി) കയർ തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിൽ ഇല്ല.<br><br>കയർ തൊഴിലാളികൾക്ക് 300/- രൂപ മിനിമംകൂലി ഉറപ്പാക്കുന്നതിനാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ കൂലിയുടെ ഒരു ഭാഗം നൽകുന്നത്. 190/- രൂപ കയർസഹകരണ സംഘം/രജിസ്റ്റേർഡ് സ്വകാര്യ ഉൽപ്പാദകൻ നൽകുമ്പോൾ 110/- രൂപ സർക്കാർ നൽകും.<br><br>കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുന:സംഘടനയിൽ സമ്പൂർണ്ണ യന്ത്രവത്ക്കരണമാണ് ലക്ഷ്യംവയ്ക്കുന്നത്. യന്ത്രവത്ക്കരണം വഴി ഉൽപ്പാദന വർദ്ധനവ് കൈവരിച്ച് ഉയർന്നകൂലി ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പരമ്പരാഗത മേഖലയിൽ തുടരുന്നവർക്ക് വരുമാനം ഉറപ്പാക്കൽവേണ്ടി വരും. വരുമാനം ഉറപ്പാക്കൽ പദ്ധതി പരമ്പരാഗത മേഖലയിലെ കുറഞ്ഞ ഉൽപ്പാദനക്ഷമത മൂലമുണ്ടാകുന്ന വരുമാനകുറവിനെ പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ